**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2146** **12-02-2024 - ൽ മറുപടിയ്ക്ക്**

**കൊച്ചി വാട്ടർ മെട്രോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി ദെലീമ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി വാട്ടർ മെട്രോ പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കുമോ; | (എ) | കൊച്ചി വാട്ടർ മെട്രോ പദ്ധതിയിൽ ചുവടെ പറയുന്ന മൂന്ന് റൂട്ടുകളിൽ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്:<br>1. ഹൈക്കോടതി-വൈപ്പിൻ<br>2.ഹൈക്കോടതി-ബോൾഗാട്ടി<br>3.വൈറ്റില-കാക്കനാട്<br>ആദ്യഘട്ടത്തിലെ ആകെയുള്ള 23 ബോട്ടുകളിൽ, 12 ബോട്ടുകൾ കൊച്ചി കപ്പൽശാല നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഫോർട്ട്കൊച്ചി ടെർമിനൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മുളവുകാട് നോർത്ത്, സൗത്ത് ചിറ്റൂർ, ഏലൂർ, ചേരാനെല്ലൂർ ടെർമിനലുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കുമ്പളം, വില്ലിംഗ്ടൺ ഐലന്റ്-ഫെറി, മട്ടാഞ്ചേരി, കടമക്കുടി, പാലിയംതുരുത്ത് എന്നീ ടെർമിനലുകളുടെയും നിർമ്മാണം നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുന്നതോടെ നഗര ജലഗതാഗതത്തിനായി ഇലക്ട്രിക് ബോട്ടുകളുടെ ലോകത്തിലെ ഏറ്റവും വലിയ സംവിധാനമായി കൊച്ചി വാട്ടർ മെട്രോയെ മാറ്റാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. നിലവിൽ 12 ഹൈബ്രിഡ്-ഇലക്ട്രിക് ബോട്ടുകളുമായി സംയോജിത ഗതാഗത ശൃംഖലയായി കൊച്ചി വാട്ടർ മെട്രോ പദ്ധതി പ്രവർത്തിച്ച് വരുന്നു. പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുന്നതോടെ, 78 ഹൈബ്രിഡ്-ഇലക്ട്രിക് ബോട്ടുകൾ ഉപയോഗിച്ച്, 38 വാട്ടർ മെട്രോ ടെർമിനലുകളെ ബന്ധിപ്പിച്ചുകൊണ്ട് സർവ്വീസുകൾ നടത്തുന്ന ലോകത്തിലെ തന്നെ ഏറ്റവും വലിയ ഹൈബ്രിഡ്-ഇലക്ട്രിക് ജലഗതാഗത സംവിധാനമായി കൊച്ചി വാട്ടർ മെട്രോയെ മാറ്റാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടമായി | (സി) | പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ വിഭാവനം |

| | | | |
|---|---|---|---|
| | എന്തെല്ലാം പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കാമോ; | | ചെയ്തിരിക്കുന്ന മുളവുകാട് പഞ്ചായത്ത്, പൊന്നാരിമംഗലം, ചേന്നൂർ, കോതാട്, പിഴല, തുണ്ടത്തുംകടവ്, പാലിയംതുരുത്ത്, എളംകുന്നപുഴ, മൂലമ്പിള്ളി, ഏരൂർ, തോപ്പുംപടി, ഇടക്കൊച്ചി എന്നീ ടെർമിനലുകളുടെ സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയായതിന് ശേഷം നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. രണ്ടാം ഘട്ടത്തിലെ 55 ബോട്ടുകളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിൽ 30 ബോട്ടുകളുടെ നിർമ്മാണപ്രവർത്തനത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. വിശദ പദ്ധതി രേഖയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രകാരം പി.പി.പി മാതൃകയിൽ ശേഷിക്കുന്ന 25 ബോട്ടുകൾ വാങ്ങുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. |
| (ഡി) | പരിസ്ഥിതി സൗഹൃദവും അപകടസാദ്ധ്യത കുറഞ്ഞതും അത്യാധുനിക സൗകര്യങ്ങളും വേഗതയും പ്രദാനം ചെയ്യുന്നതുമായ വാട്ടർ മെട്രോ പദ്ധതി സാദ്ധ്യമായ എല്ലായിടത്തേയ്ക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | നിലവിൽ എറണാകുളം ജില്ലയിലെ വിവിധ ദ്വീപുകളെ ബന്ധിപ്പിച്ചുകൊണ്ട് ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ